ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.01.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. അടൽ പെൻഷൻ യോജന 2030-31 വരെ തുടരുന്നതിന് കേന്ദ്ര മന്ത്രിസഭാ യോഗത്തിൻറെ അനുമതി. സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് 5,000 കോടി രൂപയുടെ ഓഹരി പിന്തുണ നൽകാനും തീരുമാനം.

   Government decides to continue Atal Pension Yojana till 2030-31; Also approves five thousand crore rupees- equity support to Small Industries Development Bank of India.

2. ആഗോള നിർമ്മിതബുദ്ധി സേവനങ്ങൾക്കായി ഇന്ത്യ ശക്തമായ അടിത്തറയൊരുക്കുന്നതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

   India building strong foundation for global artificial intelligence services; Union Minister Ashwini Vaishnaw.

3. അരാവല്ലിയിലെ ഖനനവും അനുബന്ധ പ്രശ്നങ്ങളും സംബന്ധിച്ച് സമഗ്ര പരിശോധന നടത്തുന്നതിന് വിദഗ്ദ്ധ സമിതി രൂപീകരിക്കുമെന്ന് സുപ്രീം കോടതി.

**Supreme Court today said it will constitute an expert committee comprising domain experts to undertake an exhaustive and holistic examination of mining and related issues in the Aravallis.**

4. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ തിരുവനന്തപുരത്ത് എത്തും. നഗരത്തിൽ സുരക്ഷ ശക്തം.

**Prime Minister Narendra Modi to arrive in Thiruvananthapuram tomorrow; security tightened in the city.**

5. ഗവർണറുടെ നയപ്രഖ്യാപനത്തിന് മേലുള്ള നന്ദിപ്രമേയ ചർച്ചക്ക് നിയമസഭയിൽ ഇന്ന് തുടക്കം.

**Discussions on Governor's policy address to begin today in Kerala Assembly.**

6. സന്തോഷ് ട്രോഫി ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരളം ഇന്ന് പഞ്ചാബിനെ നേരിടും.

**Kerala to face Punjab today in the Santosh Trophy football championship.**

## UNION CABINET

അടൽ പെൻഷൻ യോജന 2030-31 സാമ്പത്തിക വർഷം വരെ തുടരുന്നതിന് കേന്ദ്ര മന്ത്രിസഭാ യോഗത്തിൻറെ അനുമതി. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ധനസഹായം ദീർഘിപ്പിക്കാനും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭ യോഗം തീരുമാനിച്ചു. സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് 5,000 കോടി രൂപയുടെ ഓഹരി പിന്തുണ നൽകുന്നതിനും മന്ത്രിസഭാ യോഗം അനുമതി നൽകി. 25 ലക്ഷത്തി 74,000ലധികം പുതിയ M S M E ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## ASHWINI VAISHNAV AI (INTRO)

ആഗോള നിർമ്മിതബുദ്ധി സേവനങ്ങൾക്കായി ഇന്ത്യ ശക്തമായ അടിത്തറയൊരുക്കുകയാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. എഐ ഘടനയുടെ വിവിധ തലങ്ങളിൽ രാജ്യം സജീവമായി പ്രവർത്തിച്ച് വരികയാണെന്നും ദാവോസിൽ നടക്കുന്ന ലോക സാമ്പത്തിക ഫോറത്തിൽ അദ്ദേഹം പറഞ്ഞു.

*(ഹോൾഡ് വോയിസ്)*

നിർമ്മിത ബുദ്ധി അടിസ്ഥാന സൗകര്യ മേഖലയിൽ 70 ബില്യൺ ഡോളറിന്റെ നിക്ഷേപം ഇതിനോടകം ലഭ്യമായിട്ടുണ്ടെന്നും ശ്രീ വൈഷ്ണവ് വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## SC-ARAVALLI

അരാവല്ലിയിലെ ഖനനവും അനുബന്ധ പ്രശ്നങ്ങളും സംബന്ധിച്ച് സമഗ്ര പരിശോധന നടത്തുന്നതിന് വിദഗ്ദ്ധ സമിതി രൂപീകരിക്കുമെന്ന് സുപ്രീം കോടതി. അനധികൃത ഖനനം നികത്താനാകാത്ത നാശനഷ്ടങ്ങൾക്ക് കാരണമാകുമെന്ന് കോടതി നിരീക്ഷിച്ചു. ഇതിനായി വിഷയത്തിൽ പാണ്ഡിത്യമുള്ള പരിസ്ഥിതി പ്രവർത്തകരുടെയും ശാസ്ത്രജ്ഞരുടെയും പേരുകൾ നാല് ആഴ്ചയ്ക്കുള്ളിൽ നിർദ്ദേശിക്കാൻ ചീഫ് ജസ്റ്റിസ് സൂര്യകാന്ത് ഉൾപ്പെട്ട ബെഞ്ച് അഡീഷണൽ സോളിസിറ്റർ ജനറൽ , അമിക്കസ് ക്യൂറി എന്നിവരോട് നിർദ്ദേശിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## NATIONAL ELECTRICITY POLICY 2026

വൈദ്യുതി മേഖലയിലെ പരിവർത്തനം ലക്ഷ്യമിടുന്ന പുതിയ ദേശീയ വൈദ്യുതി നയത്തിൻറെ കരട് പുറത്തിറക്കി കേന്ദ്ര ഊർജ്ജ മന്ത്രാലയം . കുറഞ്ഞ ചിലവിൽ ഉപഭോക്താക്കൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിന്

പുറമേ, പരിസ്ഥിതി സൗഹൃദപരമായ ഊർജ്ജം ഉറപ്പ് വരുത്തുകയാണ് പുതിയ നയത്തിലൂടെ ലക്ഷ്യമിടുന്നത്.

## REPUBLIC DAY PREPS

77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. ജനുവരി 26 ന് ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും. പരേഡിന് സാക്ഷ്യം വഹിക്കാൻ പതിനായിരത്തോളം പ്രത്യേക അതിഥികളെയാണ് ഇക്കുറി ക്ഷണിച്ചിരിക്കുന്നത്. യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അൻറോണിയോ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെയറും റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ മുഖ്യാതിഥികളാകും. ദേശീയഗീതമായ "വന്ദേമാതര" ത്തിൻറെ 150-ാം വാർഷികമാണ് ഈ വർഷത്തെ ദിനാഘോഷ പ്രമേയം. റിപബ്ലിക് ദിന പരേഡിൻറെ ഫുൾ ഡ്രസ് റിഹേഴ്സൽ നാളെ നടക്കും.

## TRAFFIC ADVISORY–BEATING RETREAT

ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ ബീറ്റിങ് റിട്രീറ്റ് നടക്കുന്നതിനാൽ രാജ്യ തലസ്ഥാനത്ത് വിവിധ ഇടങ്ങളിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. വിജയ് ചൗക്കിൽ

വൈകുന്നേരം നാലു മുതൽ 6.30 വരെ പൊതുജനങ്ങൾക്ക് പ്രവേശനം ഉണ്ടായിരിക്കില്ല. റെയ്സിന റോഡിലും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

## PM VISIT ARRANGEMENTS

പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ സന്ദർശനത്തിനായി നാളെ തിരുവനന്തപുരത്ത് എത്തും. പുത്തരിക്കണ്ടം മൈതാനിയിൽ രണ്ടു വ്യത്യസ്ത പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. കേരളത്തിന് അനുവദിച്ച പുതിയ 4 ട്രെയിനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും. ബിജെപി സംഘടിപ്പിക്കുന്ന പരിപാടിയിൽ തുടർന്ന് പങ്കെടുക്കുന്ന അദ്ദേഹം തിരുവനന്തപുരത്തിനായുള്ള നഗര വികസന രേഖയുടെ പ്രഖ്യാപനം ചടങ്ങിൽ നടത്തും. തിരുവനന്തപുരം ബയോ-360 ലൈഫ് സയൻസസ് പാർക്കിലെ CSIR–NIIST ഇന്നൊവേഷൻ ടെക്നോളജി ആൻഡ് ഓൻട്രപ്രണർഷിപ്പ് ഹബ്ബിൻറെ ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിക്കും. ശ്രീ മോദിയുടെ സന്ദർശനത്തിന്റെ പശ്ചാത്തലത്തിൽ വൻ സുരക്ഷാ സന്നാഹങ്ങളാണ് തിരുവനന്തപുരം നഗരത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത്.

## NIAYAMASABHA

കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിൻറെ മൂന്നാം ദിവസമായ ഇന്ന് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച ആരംഭിക്കും. പ്രമോദ് നാരായൺ കമ്മിറ്റിയുടെ 19-ാമത് റിപ്പോർട്ട് ഇന്ന് സഭയിൽ സമർപ്പിക്കും. ദേശീയ ഗ്രാമീണ തൊഴിലുറുപ്പ് പദ്ധതി പേര് മാറ്റം, എറണാകുളം നഗരത്തിലെയും സമീപ പ്രദേശങ്ങളിലേയും കുടിവെള്ള പ്രശ്നം എന്നിവ സംബന്ധിച്ച ശ്രദ്ധ ക്ഷണിക്കലും ഇന്നുണ്ടാകും.

❋❋❋❋❋❋❋❋❋❋❋❋❋

## CABINET MEETING

വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപ്പൊട്ടൽ ദുരന്ത ബാധിത പ്രദേശത്തെ കുടുംബശ്രീ അംഗങ്ങൾക്കുള്ള പ്രത്യേക വായ്പാ പദ്ധതിക്കും വയനാട്, കോഴിക്കോട് ജില്ലകളിലെ ദുരന്ത ബാധിതർക്കായുള്ള ഉജ്ജീവന പദ്ധതിക്കും സംസ്ഥാന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. വനം വന്യജീവി വകുപ്പിൽ ആറ് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കാനും ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം

കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

## MEDISEP(INTRO)

കേരളത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള മെഡിസെപ് ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് ഫെബ്രുവരി ഒന്നു മുതൽ തുടക്കമാകും.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി....***

***(വോയിസ്)***

## WPL TODAY

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ജയന്റ്സ് യുപി വാരിയേഴ്സിനെ നേരിടും. രാത്രി 7.30 വഡോദര അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

പോയിന്റ് പട്ടികയിൽ യുപി മൂന്നാമതും ഗുജറാത്ത് അഞ്ചാമതുമാണ്.

## SANTHOSH TROPHY(INTRO)

79-ാമത് സന്തോഷ് ട്രോഫി ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ന് കേരളം പഞ്ചാബിനെ നേരിടും. രാവിലെ ഒൻപതിനാണ് മത്സരം.

***ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്:***

***(ഹോൾഡ് വോയ്സ്........)***

## CRICKET T 20

ഇന്ത്യ- ന്യൂസിലാൻഡ് പുരുഷ T 20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് ജയം. ഇന്നലെ രാത്രി നാഗ്പൂരിലെ വിദർഭ ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ നടന്ന കളിയിൽ ന്യൂസിലൻഡിനെ 48 റൺസിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. ഇന്ത്യ മുന്നോട്ടുവച്ച 239 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ന്യൂസിലൻഡിന് നിശ്ചിത ഇരുപത് ഓവറിൽ ഏഴ് വിക്കറ്റിന് 190 റൺസ് മാത്രമേ നേടാനായുള്ളൂ.

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നാളെ വരെ അറിയിക്കാം.

## PRAGATI - SPECIAL STORY

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിന് 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. ഈ സംരംഭത്തിന്റെ ഫലപ്രാപ്തിയുടെ മികച്ച ഉദാഹരണങ്ങളിൽ ഒന്നാണ് തെലങ്കാനയിലെ ഹൈദരാബാദ് മെട്രോ റെയിൽ പദ്ധതി. ഹൈദരാബാദിന് വിശ്വസനീയവും കാര്യക്ഷമവും സുസ്ഥിരവുമായ നഗര യാത്രാ സംവിധാനം ഒരുക്കുന്നതിന് 2015ൽ പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന പ്രഗതി അവലോകന യോഗത്തിലൂടെ കഴിഞ്ഞു. ഇതിലൂടെ പദ്ധതിക്ക് വ്യക്തതയും വേഗതയും കൈവരിക്കാൻ സഹായിച്ചു. ഇന്ന് തെലങ്കാനയുടെ സാമ്പത്തിക വളർച്ചയെ ശക്തിപ്പെടുത്തുന്നതിൽ ഹൈദരാബാദ് മെട്രോ റെയിൽപദ്ധതി നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്.

## TRUMP – GREENLAND

ബലപ്രയോഗത്തിലൂടെ ഗ്രീൻലാൻഡിന്റെ നിയന്ത്രണം ഏറ്റെടുക്കില്ലെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. അതേസമയം ആർട്ടിക് ദ്വീപിന്റെ ഉടമസ്ഥാവകാശം തങ്ങൾക്ക് നൽകണമെന്ന ആവശ്യം ട്രംപ് ആവർത്തിച്ചു. ദാവോസിൽ ലോക സാമ്പത്തിക ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഗ്രീൻലാൻഡ് ഏറ്റെടുക്കൽ സംബന്ധിച്ച് അടിയന്തര ചർച്ചകൾ ആവശ്യമാണെന്നും ട്രംപ് പറഞ്ഞു. ഗ്രീൻലാൻഡ് സ്വന്തമാക്കാൻ അമേരിക്കയെക്കാൾ മികച്ച മറ്റൊരു രാജ്യമില്ലെന്നും അതിനാലാണ് ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തിയതെന്നും അമേരിക്കൻ പ്രസിഡൻറ് അഭിപ്രായപ്പെട്ടു.